# കോണോത്തു

# പുഴയുടെ

## പുനരുജ്ജീവനം



# കോണോത്തുപുഴയുടെ പുനരുജ്ജീവനം



ബഹു.ജലസേചന വകുപ്പ് മന്ത്രി ശ്രീ.കൃഷ്ണൻകുട്ടി അവർകൾ ജലസേചന വകുപ്പിലേക്ക് വാങ്ങിയ എക്സ്കവേറ്റർ കോണോത്തുപുഴയ്ക്ക് അനുഗ്രഹമാകുന്നു. പല പദ്ധതി റിപ്പോർട്ടുകളും ശ്രമങ്ങളും പലയാവർത്തി കോണത്തുപുഴയുടെ പുനരുജ്ജീവനത്തിനായി ശ്രമിച്ചപ്പോഴെല്ലാം ഭാഗികമായ പ്രവർത്തനങ്ങൾ പല ഭാഗങ്ങളിൽ നിന്നും ഉണ്ടായിട്ടുണ്ട്. ഈ കൂട്ടായ്മയെല്ലാം പൂർണ്ണമായ പുനരുജ്ജീവനത്തിന് പ്രവർത്തിച്ചപ്പോഴാണ് ഇങ്ങനെയൊരു ആശയത്തിലേക്ക് ജലസേചന വകുപ്പ് എത്തിച്ചേർന്നത്. ജലസേചന വകുപ്പിന്റെ ചെറുകിട ജലസേചന വിഭാഗവും, മെക്കാനിക്കൽ വിഭാഗവും ഒരുമിച്ചാണ് പദ്ധതിക്ക് നേതൃത്വം നൽകുന്നത്. വാടകയ്ക്കെടുത്ത ബാർജ് ഉപയോഗിച്ച് ജലസേചന വകുപ്പിന്റെ എക്സ്കവേറ്റർ ഇന്ന് കോണോത്തുപുഴയിൽ പുതിയകാവ് ഭാഗത്ത് പ്രവർത്തനമാരംഭിച്ചു. ബഹു.ജില്ലാ കളക്ടർ ശ്രീ.സുഹാസിന്റെയും ഡെപ്യൂട്ടി കളക്ടർ ശ്രീ.സുനിൽ ലാലിന്റെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പദ്ധതി വിജയപ്രദമാക്കിയെടുക്കാനുള്ള പ്രവർത്തികൾ ആരംഭിച്ചുകഴിഞ്ഞു. ഏറ്റവും പ്രാധാന്യമേറിയ അതിർത്തി നിർണ്ണയം സർവ്വേ വകുപ്പിന്റെ നേതൃത്വത്തിലാണ് നടത്തിവരുന്നത്. ഇതിനുവേണ്ടി വരുന്ന ചെലവ് ഇതിനോടകംതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകി കഴിഞ്ഞു. നീക്കം ചെയ്യപ്പെടുന്ന പോളകൾ മെട്രോ റെയിൽ പാതയുടെ ഇടയിലുള്ള മീഡിയനുകളിൽ നിറച്ച് മെട്രോ പ്രദേശം മോടി പിടിക്കുന്നതിനുള്ള



ചർച്ചകൾ നടന്നുവരുന്നു. ഇരുകരകളിലും നീക്കം ചെയ്യുന്ന എക്കൽ ഉപയോഗിച്ച് ബണ്ട് നിർമ്മിക്കുവാനും ഈ ബണ്ട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുന്നതിനുമുള്ള നടപടികൾ പോവർട്ടി അലീവിയേഷൻ യൂണിറ്റ് ആണ് സ്വീകരിച്ചിരിക്കുന്നത്. പരിസരമലിനീകരണം, മാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്കുള്ള പദ്ധതികൾ ശുചിത്വ മിഷൻ പൊലൂഷൻ കൺട്രോൾ ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്. ഇരുകരകളും വാക്ക് വേ, മറ്റു മോടിപിടിപ്പിക്കൽ ടൂറിസം ഡിപ്പാർട്ട്മെന്റുമായി നടന്നുവരുന്നു. മൈനർ ഇറിഗേഷൻ ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ തുടങ്ങിയ പദ്ധതിയുടെ ആരംഭ പ്രവർത്തനങ്ങൾക്ക് ബഹു. പിറവം എം.എൽ.എ. ശ്രീ.അനൂപ് ജേക്കബ്, തൃപ്പൂണിത്തുറ ചെയർപേഴ്സൺ ശ്രീമതി.ചന്ദ്രികാദേവി, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.രഞ്ചി കുരിയൻ, ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി.രമണി ജനകൻ, ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ജോൺ ജേക്കബ്, മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ബാജിചന്ദ്രൻ, എം.വി.ഐ.പി. എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീമതി. സുപ്രഭ, മെക്കാനിക്കൽ വിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.രാജേഷ്, അസിസ്റ്റൻറ് എഞ്ചിനീയർമാരായ ശ്രീ.മനോജ്, ശ്രീ.എൽദോ, മറ്റു ജനപ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു.



ഏകദേശം 6–8 മാസത്തിനകത്ത് പദ്ധതി പൂർത്തീകരണം സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ദൈന്യംദിന ഇന്ധന ചെലവ്, മെയിന്റനൻസ് എന്നിവയാണ് സർക്കാർ വഹിച്ചു കൊണ്ടിരിക്കുന്നത്. താൽക്കാലികമായി ലഭിച്ച 5.00 ലക്ഷം തുകയിലാണ് പദ്ധതി ആരംഭിച്ചിരിക്കുന്നത്. ഇനിയുള്ള ചെലവുകൾക്കും പദ്ധതി പൂർത്തീകരണത്തിനുമായി ജില്ല പഞ്ചായത്ത് അടക്കമുള്ള വിവിധ സ്വയംഭരണ

സ്ഥാപനങ്ങൾ സാമ്പത്തിക സഹായം  വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

മൂവാറ്റുപുഴയാറിന്റെ ഭാഗവും തൃപ്പൂണിത്തുറ നഗരസഭ, ഉദയംപേരൂർ, ചോറ്റാനിക്കര, മുളന്തുരുത്തി, ആമ്പല്ലൂർ പഞ്ചായത്തുകൾ എന്നീ പ്രദേശങ്ങളിലൂടെ ഒഴുകുന്നതുമായ പ്രധാന ജലസ്രോതസ്സാണ് കോണോത്തുപുഴ. 17 കിലോമീറ്ററോളം നീളമുള്ള ഈ പുഴ തെക്ക് പുത്തൻകാവിൽ നിന്ന് ആരംഭിച്ച് വടക്ക് തൃപ്പൂണിത്തുറ നഗരസഭയിലെ വെട്ടുവേലിക്കടവിൽ ചിത്രപ്പുഴയോട് ചേരുന്നു. പുരാതന കാലത്തു വൈക്കം മുതൽ തൃപ്പൂണിത്തുറ വരെയുള്ള ചരക്കു ഗതാഗതം പ്രധാനമായും ഈ പുഴയിലൂടെ ആയിരുന്നു. നഗരവത്കരണവും റോഡു വികസനവും മൂലം ജലഗതാഗതത്തിന് പ്രാധാന്യം കുറഞ്ഞു വന്നതോടെ ഈ പുഴയും അവഗണിക്കപ്പെട്ടു. കാലങ്ങളായുള്ള അവഗണന പുഴയെ നാശത്തിന്റെ വക്കിലെത്തിച്ചിരിക്കുകയാണ്. പുല്ലും പോളകളും മാലിന്യവും എക്കലും നിറഞ്ഞ് ഒഴുക്ക് നിലച്ച് വളരെ ശോചനീയമായ അവസ്ഥയാണ് ഇപ്പോൾ കോണോത്തുപുഴയുടേത്. ഒരു കാലത്ത് മത്സ്യ സമ്പത്തിനാൽ സമ്പുഷ്ടമായിരുന്ന പുഴയുടെ ഭൂരിഭാഗത്തും ഇന്ന് മത്സ്യ നിലനിൽപ്പിനനുയോജ്യമായ ആവാസവ്യവസ്ഥയില്ല. കൂടാതെ വർദ്ധിച്ചു വരുന്ന കൈയ്യേറ്റങ്ങൾ പുഴയെ അനുദിനം ഞെരുക്കിക്കൊണ്ടിരിക്കുകയാണ്.




വിവിധ പഞ്ചായത്തുകളിലായി കോണോത്തുപുഴയുമായി ബന്ധപ്പെട്ട് കിടക്കുന്ന ഏകദേശം 120 ഓളം ചെറുതോടുകൾ ഉണ്ട്. പുഴയിലെ ഒഴുക്ക് നിലച്ചതോടെ ഈ തോടുകളുടെ അവസ്ഥയും മോശമായി. മഴക്കാലത്ത് ഈ തോടുകളുടെ സമീപ പ്രദേശങ്ങളിൽ വെള്ളക്കെട്ടുമൂലം ജനം വളരെ ബുദ്ധിമുട്ടുന്നു. വെള്ളക്കെട്ടു നിവാരണത്തിനായി ജലസേചന വകുപ്പിനു ലഭ്യമായ എസ്.ഡി.ആർ.എഫ്. ഫണ്ടിൽ പുഴയുമായി ബന്ധപ്പെട്ടു കിടക്കുന്ന അനേകം തോടുകൾ ശുചീകരിക്കുകയുണ്ടായി. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ തോടുകൾ ശുചീകരിക്കുകയുണ്ടായി. എന്നാൽ ഈ തോടുകളിലെ വെള്ളം എത്തിച്ചേരുന്ന പുഴ ഒഴുക്ക് നിലച്ച് കിടന്നതിനാൽ വെള്ളപ്പൊക്ക നിവാരണ

ശ്രമങ്ങൾ ഉദ്ദേശിച്ച ഫലം കണ്ടില്ല. കോണോത്തുപുഴയിൽ ഒഴുക്ക് പുനസ്ഥാപിച്ച് പുഴയെ അതിന്റെ പഴയ പ്രതാപത്തിലേക്ക് മടക്കിക്കൊണ്ട് വരേണ്ട ആവശ്യം ഒറ്റക്കെട്ടായുയർന്നു. ഇതുമായി ബന്ധപ്പെട്ടു നടന്ന യോഗങ്ങളിൽ തൃപ്പൂണിത്തുറ നഗരസഭാ ചെയർപ്പേഴ്സണും മുളന്തുരുത്തി, ആമ്പല്ലൂർ, ചോറ്റാനിക്കര, ഉദയംപേരൂർ പഞ്ചായത്തു പ്രസിഡന്റുമാരും ജനപ്രതിനിധികളും പൂർണ്ണ സഹകരണവും പിന്തുണയും അറിയിക്കുകയുണ്ടായി.

## പുഴപുനരുജ്ജീവനം – പിന്നിട്ട നാൾ വഴികൾ

കോണോത്തുപുഴയെ വീണ്ടെടുക്കുന്നതിന് അനേകം ശ്രമങ്ങൾ പല ഭാഗത്തുനിന്നും ഉണ്ടായി. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പുഴയുടെ ദുരവസ്ഥയെക്കുറിച്ച് വിശദമായ പഠന സർവ്വേകൾ നടത്തുകയുണ്ടായി. ജില്ലാ പഞ്ചായത്തും വിവിധ തദ്ദേശസ്വയംഭരണ പ്രദേശാധികാരികളുടെ നേതൃത്വത്തിലും പുഴയുടെ വിവിധ ഭാഗങ്ങളിൽ പോള മാറ്റി ഒഴുക്ക് പുനസ്ഥാപിക്കുവാനുള്ള ശ്രമങ്ങൾ പല വർഷങ്ങളിലായി നടന്നു. 2016–ൽ സി.പി.ഐ.യുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ പുഴയെ പുനരുജ്ജീവിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തിയിരുന്നു. എന്നാൽ 17 കിലോമീറ്റർ നീളമുള്ള ഈ പുഴയിൽ ചെറിയ ഭാഗങ്ങൾ മാത്രം കേന്ദ്രീകരിച്ചുള്ള താല്ക്കാലിക ശ്രമങ്ങൾ പുഴയെ വീണ്ടെടുക്കുവാൻ പര്യാപ്തമായിരുന്നില്ല. പുഴയുടെ മുഴുവൻ നീളം പുനരുജ്ജീവിപ്പിക്കത്തക്കവിധം സമഗ്രമായ ഒരു പദ്ധതിയാണ് നടപ്പിലാക്കേണ്ടത്. കോണോത്തുപുഴയുടെ സമഗ്ര പുനരുജ്ജീവനത്തിനായുള്ള 17 കോടി രൂപയുടെ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് ജലസേചന വകുപ്പ് തയ്യാറാക്കി സർക്കാരിലേക്ക് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പുഴയിലെ പോളകളും മാലിന്യവും എക്കലും നീക്കം ചെയ്ത് കയർ ഭൂവസ്ത്രം വിരിച്ച് വശങ്ങൾ ബലപ്പെടുത്തുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. ഈ റിപ്പോർട്ട് നിലവിൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയിലാണ്. ബഹു.തൃപ്പൂണിത്തുറ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ.എം.സ്വരാജ്, ബഹു.പിറവം നിയോജകമണ്ഡലം എം.എൽ.എ. ശ്രീ.അനൂപ് ജേക്കബ് എന്നിവർ പുഴയെ വീണ്ടെടുക്കുവാനുള്ള പദ്ധതി നടപ്പിലാക്കുവാൻ നിതാന്ത ശ്രമങ്ങൾ ഉന്നതതലത്തിൽ നടത്തിയിട്ടുണ്ട്.

പുഴയിലെ മാലിന്യം നീക്കി പുഴയെ പുനരുജ്ജീവിപ്പിക്കുവാനുള്ള ശ്രമങ്ങൾ എത്രയും വേഗം നടപ്പിലാക്കണമെന്ന് ദേശീയ ഹരിത ട്രിബ്യൂണൽ 24.01.2020 തീയതി ഉത്തരവായിട്ടുണ്ട്. ബഹു.ജില്ലാ കളക്ടർ ശ്രീ.എസ്.സുഹാസ്, ബഹു.എം.എൽ.എ. ശ്രീ.എം.സ്വരാജ് എന്നിവരുടെ നിർദ്ദേശ പ്രകാരം ജലസേചന വകുപ്പിന്റെ അടിയന്തിര ഫണ്ടിൽനിന്നും 15 ലക്ഷം രൂപ അനുവദിച്ച് പുഴയുടെ ഏറ്റവും മോശമായ അവസ്ഥയിലുള്ള കരിങ്ങാച്ചിറ പ്രദേശത്തെ 2 കിലോമീറ്റർ നീളമുള്ള ഭാഗം വൃത്തിയാക്കി ഒഴുക്ക് പുനസ്ഥാപിക്കുന്ന പ്രവൃത്തി അറേഞ്ച് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി നിലവിൽ പൂർത്തിയായി വരികയാണ്. തൃപ്പൂണിത്തുറ നഗരസഭയും 5 ലക്ഷം രൂപ പുഴയിലെ ഒഴുക്ക് പുനസ്ഥാപിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഹരിത ട്രിബ്യൂണൽ ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി പുഴയുടെ അതിർത്തി നിർണ്ണയിച്ച് കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടതുണ്ട്. ജില്ല കളക്ടറുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായുള്ള തുക നിക്ഷേപിക്കുവാൻ നിർദ്ദേശിക്കുകയും അതിനനുസൃതമായി അതിർത്തി നിർണ്ണയിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരികയാണ്.






കോണോത്തുപുഴ





